# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4805 — 21.10.2011-ലെ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹിദ് | ശ്രീ.എം.കെ.മുനീർ<br>ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |
| എ) തിരുവനന്തപുരം ജില്ലാപഞ്ചായത്തു വഴി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് അന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളാണ് അന്വേഷണ വിധേയമാക്കുന്നത്;<br><br>ബി) ക്ഷീര വികസന വകുപ്പു വഴി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വ്യാപകമായ പരാതികൾ ഉള്ള സാഹചര്യം പരിഗണിച്ച് പ്രസ്തുത വകുപ്പ് വഴി നടത്തിയ പദ്ധതികളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | എ) & ബി) തിരുവനന്തപുരം ജില്ലാ പഞ്ചായത്തു വഴി കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 2010-11 സാമ്പത്തിക വർഷം വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരവും, ക്ഷീര വികസന വകുപ്പ് മുഖാന്തിരവും നടപ്പിലാക്കിയ പദ്ധതികളിൽ ക്രമക്കേടുണ്ടായി എന്ന് കാണിച്ചുകൊണ്ട് കൊല്ലം മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ടീമിന്റെ നേതൃത്വത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ